ഫോറം 9ബി

[ചട്ടം 17 കാണുക ]

...................................................... ഗ്രാമപഞ്ചായത്ത് / നഗരസഭ

## കെട്ടിടം പണിയുകയോ പുതുക്കി പണിയുകയോ മാറ്റം വരുത്തുകയോ ചെയ്യുതോ സംബന്ധിച്ച് കെട്ടിട ഉടമ നല്കുന്ന അറിയിപ്പ്

സോണൽ ഓഫീസ് :

വാർഡിന്റെ പേരും നമ്പറും :

കെട്ടിട നമ്പർ :

കെട്ടിട ഉടമയുടെ പേര് :

കെട്ടിട ഉടമയുടെ വിലാസം :

കെട്ടിട ഉടമയുടെ മൊബൈൽ നം :

കെട്ടിട ഉടമയുടെ ഇ മെയിൽ വിലാസം :

അറിയിപ്പിന്റെ സ്വഭാവം :

| ക്രമ നമ്പർ | തരം | ബാധകമായവ ✓ ചെയ്യുക | മാറ്റം വരുത്തിയ തിയ്യതി |
|---|---|---|---|
| 1 | നിലവിലെ കെട്ടിടത്തിലുള്ള കൂട്ടിച്ചേർക്കലുകൾ | | |
| 2 | തറ നിർമിതിയുടെ തരം മാറ്റൽ | | |
| 3 | മേൽക്കൂരയുടെ തരം മാറ്റൽ | | |
| 4 | പൊളിച്ച് കളയൽ (ഭാഗികം) | | |
| 5 | പൊളിച്ച് കളയൽ (പൂർണ്ണമായി ) | | |
| 6 | ഉപയോഗക്രമത്തിൽ മാറ്റം വരുത്തൽ | | |
| 7 | Centralized AC സ്ഥാപിക്കൽ | | |
| 8 | നീന്തൽകുളം നിർമ്മാണം | | |
| 9 | പുതിയ കെട്ടിട നിർമ്മാണം | | |

കെട്ടിടത്തിന്റെ മാറ്റം സംബന്ധിച്ച വിവരണം :

ഹാജരാക്കുന്ന രേഖകൾ

(1) …………………………….

(2) …………………………….

*__സത്യപ്രസ്താവന__*

മുകളിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ എൻറെ അറിവിലും ഉത്തമവിശ്വാസത്തിലും പെട്ടിടത്തോളം സത്യമാകുന്നു. അന്വേഷണത്തിൽ എതെങ്കിലും വിവരം വാസ്തവവിരുദ്ധമാണെന്നോ തെറ്റിദ്ധരിപ്പിക്കുന്നതാണെന്നോ തെളിഞ്ഞാൽ നിയമപ്രകാരമുള്ള പിഴകൾക്കും നടപടികൾക്കും ഞാൻ ബാദ്ധ്യസ്ഥനാണ്.

സ്ഥലം (ഒപ്പ് )

തീയതി പേര്

കുറിപ്പ്:

(1) കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം അതിന്റെ തറവിസ്തീർണ്ണത്തിൽ മാറ്റം വരത്തക്ക രീതിയിൽ നടത്തിയിട്ടുള്ള എല്ലാ നിർമ്മാണ വിവരങ്ങളും ഉൾപ്പെടുത്തണം. തറവിസ്തീർണ്ണം എന്നാൽ ഒരു ഏകനില കെട്ടിടത്തിന്റെ കാര്യത്തിൽ അതിന്റെ മേൽക്കൂരയുള്ള ഭാഗത്തിന്റെ തറനിരപ്പിന്റെ (ചുമർ കനം ഉൾപ്പെടെ) വിസ്തീർണം എന്നും സെല്ലാർ– നിലയുള്ളതോ ഇല്ലാത്തതോ ആയ ഒരു ബഹുനില കെട്ടിടത്തിന്റെ കാര്യത്തിൽ അതിന്റെ ഓരോ നിലയിലും ഉള്ള അത്തരം തറനിരപ്പിന്റെ (ചുമർ കനം ഉൾപ്പെടെ എന്നാൽ തുറസായ ടെറസ് ഭാഗം ഒഴികെ) ആകെ വിസ്തീർണ്ണം എന്നും അർത്ഥമാകുന്നു

(2) കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം ആ കെട്ടിടത്തിൽ നിന്ന് വേറിട്ടതെങ്കിലും അതിന്റെ ഒരു അനുബന്ധ കെട്ടിടമായി അതേ പുരയിടത്തിൽ സ്ഥിതി ചെയ്യുന്ന കക്കൂസ്, വിറകുപുര, കാലിത്തൊഴുത്ത്, വളർത്തുമൃഗങ്ങൾക്കോ, വളർത്തു പക്ഷികൾക്കോ ഉള്ള കൂട്, കാർ ഷെഡ്, പമ്പ് ഹൗസ് അഥവാ അതുപോലെയുള്ള ഒരു അനുബന്ധ കെട്ടിടം എന്നിവ നിർമ്മിചിട്ടുണ്ടെങ്കിൽ അത് ഈ അറിയിപ്പിൽ ഉൾപ്പെടുത്തേണ്ടതില്ല.

(3) തറ നിർമിതിയിലെ മാറ്റം എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് സാധാരണ തരത്തിലുള്ള തറയിൽ നിന്നും മേൽത്തരം തറയിലേക്കോ തിരിച്ചോ ഉള്ള മാറ്റങ്ങൾ എന്നാകുന്നു.

**സാധാരണ തരത്തിലുള്ള തറ –** (മൊസൈക്/ തറയോട് / സിമെന്റ് അഥവാ മറ്റേതെങ്കിലും സാധാരണ വസ്തുക്കൾ കൊണ്ട് നിർമിച്ച തറ അഥവാ മൺ തറ )

**മേൽത്തരം തറ –** (മേൽത്തരം തടി/ മാർബിൾ / ഗ്രാനൈറ്റ് / വിട്രിഫൈഡ് / ഗൈസ്റ്റ് ടൈൽ അഥവാ മറ്റേതെങ്കിലും വിലയേറിയ സാധനങ്ങൾ കൊണ്ട് നിർമിച്ച തറ)

(4) മേൽക്കൂരയുടെ മാറ്റം എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് കുറഞ്ഞതരം മേൽക്കൂരയിൽ (ഓട് / ഷീറ്റ് /ഓല / പുല്ല് ) നിന്നും കോൺക്രീറ്റ് മേൽക്കൂരയിലേക്കോ തിരിച്ചോ ഉള്ള മാറ്റങ്ങൾ എന്നാകുന്നു.

(5) കെട്ടിടത്തിന്റെ ഉപയോഗ ക്രമത്തിലെ മാറ്റങ്ങൾ എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് ചട്ടം 4 (1 ) പ്രകാരമുള്ള ഒരു ഉപയോഗ ക്രമത്തിൽ നിന്നും മറ്റൊരു ഉപയോഗക്രമത്തിലേക്കോ അവയുടെ ഉപവിഭാഗങ്ങളിലേക്കോ ഉള്ള മാറ്റമോ എന്നാകുന്നു.

(6) കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം ഒരു നീന്തൽക്കുളം നിർമ്മിച്ചിട്ടുണ്ടെങ്കിൽ ആ വിവരം ഈ അറിയിപ്പിൽ ഉൾപ്പെടുത്തേണ്ടതാണ്.